പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 853 30.01.2019 ൽ മറുപടിയ്ക്ക്

ആന ഉടമസ്ഥർക്കും പാപ്പാന്മാർക്കും ബോധവൽക്കരണം

| ചോദ്യം<br>ശ്രീ.എ.പി. അനിൽകുമാർ | | മറുപടി<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പരിപാലനത്തിലെ അശ്രദ്ധ മൂലം നാട്ടാനകളുടെ മരണസംഖ്യ കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; 2018-ൽ സംസ്ഥാനത്ത് എത്ര നാട്ടാനകളാണ് ചരിഞ്ഞതെന്ന് വ്യക്തമാക്കാമോ ; | (എ) | കണ്ടെത്തിയിട്ടുണ്ട്. 2018-ൽ 34 നാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്. |
| (ബി) | നാട്ടാനകളുടെ ശരാശരി ആയുസ്സ് 85 വയസ്സെന്നത് കണക്കാക്കിയാൽ കഴിഞ്ഞ വർഷം ചരിഞ്ഞ ആനകൾക്ക് പ്രായം വളരെ കുറവായിരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20 മുതൽ 6 3 വയസ്സ് വരെ പ്രായമുള്ള 3 4 നാട്ടാനകളാണ് കഴിഞ്ഞ വർഷം ചരിഞ്ഞിട്ടുള്ളത്. |
| (സി) | ആനകളുടെ ആരോഗ്യസംരക്ഷണം സംബന്ധിച്ച അജ്ഞതയാണ് നാട്ടാനകളുടെ മരണസംഖ്യ കൂടുന്നതിന് ഇടയാക്കുന്നത് എന്നതിനാൽ ഇതു സംബന്ധിച്ച് ആന ഉടമസ്ഥന്മാർക്കും പാപ്പാന്മാർക്കും പ്രത്യേക ബോധവൽക്കരണം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?. | (സി) | നിലവിൽ പാപ്പാന്മാർക്ക് ബോധവൽക്കരണവും പരിശീലനവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ